"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- വാർഷിക പദ്ധതി **2025-2026** -കേരള വനിതാ കമ്മീഷൻ- **2024-2025** സാമ്പത്തിക വർഷത്തിൽ സ്ത്രീശക്തി ന്യൂസ് ലെറ്റർ രണ്ടാം എഡിഷൻ അച്ചടിച്ച വകയിൽ കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റിക്ക് നൽകേണ്ട തുക നടപ്പുവർഷത്തെ നീക്കിയിരിപ്പിൽ നിന്നും പിൻവലിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.122/2026/WCDD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-
1. സ.ഉ(സാധാ)നം. **280/2024/WCDD** തീയതി. **27/07/2024**
2. സ. ഉ(സാധാ) നം.**187/2025/WCDD** തീയതി **19/05/2025**
3. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ **11/04/2025, 07/02/2026** തീയതികളിലെ ബി2/**1070/2024**/കേവക നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള വനിതാ കമ്മീഷൻ **2024-25** സാമ്പത്തിക വർഷം **2235-02-103-95-34 (OC)** എന്ന പ്ലാൻ ശീർഷകത്തിൽ നിന്ന് സ്ത്രീശക്തി ന്യൂസ് ലെറ്റർ പബ്ലിക്കേഷനായി പരാമർശം (**1** ) പ്രകാരം **₹6,00,000/-** (ആറ് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. സ്ത്രീശക്തി ന്യൂസ് ലെറ്റർ രണ്ടാം എഡിഷൻ അച്ചടിച്ച വകയിൽ കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റിക്ക് നൽകേണ്ട **1,39,712/-**രൂപ (ഒരു ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം)-ടെ ബില്ല് ഇ-സബ്മിറ്റ് ഓപ്ഷൻ ലഭ്യമാകാത്തതിനാൽ ട്രഷറിയിലേക്ക് സമർപ്പിക്കാൻ കഴിയാതെ വന്നിട്ടുണ്ടെന്നും ട്രഷറിയിൽ ബില്ല് സമർപ്പിക്കേണ്ട അവസാന തീയതി **26/03/2025** ആയതിനാൽ പ്രസ്തുത ബില്ല് മാറിനൽകുന്നതിന് കഴിഞ്ഞിട്ടില്ലായെന്നും പരാമർ ശം (3) പ്രകാരം കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി അറിയിച്ചിരിക്കുന്നു. **2025-2026** സാമ്പത്തിക വർഷം **2235-02-103-95-34**

( O C ) എന്ന പ്ലാൻ ശീർഷകത്തിൽ ആകെ ₹315.00 കോടി ആണ് വകയിരുത്തിയിട്ടുള്ളത്. 2025-2026 സാമ്പത്തിക വർഷം സ്ത്രീശക്തിയുടെ 2 എഡിഷൻ മാത്രമേ അച്ചടിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ പ്രസ്തുത ശീർ ഷകത്തിൽ പരാമർ ശം (2) പ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യമില്ലായെന്നാണ് കമ്മീഷൻ മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിനാൽ പ്രസ്തുത ബില്ല് പ്രകാരമുള്ള 1,39,712/- രൂപ നടപ്പ് സാമ്പത്തിക വർ ഷത്തെ 2235-02-103-95-34 (OC) എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നൽകണമെന്ന് കമ്മീഷൻ മെമ്പർ സെക്രട്ടറി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ അഭ്യർത്ഥന പരിഗണിച്ച്, 2024-25 സാമ്പത്തിക വർഷം സ്ത്രീശക്തി ന്യൂസ് ലെറ്റർ രണ്ടാം എഡിഷൻ അച്ചടിച്ച വകയിൽ കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റിക്ക് നൽകേണ്ട 1,39,712/-രൂപ (ഒരു ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) യുടെ ബില്ല് നടപ്പുവർ ഷം 2235-02-103-95-34 (OC) എന്ന പ്ലാൻ ശീർഷകത്തിൽ ബാക്കിയുള്ള തുകയിൽ നിന്നും മാറുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (UO(R)No. WCD-1/179/2025-FIN (E: 3251005) dated 11/09/2025 പ്രകാരം)
വനിതാശിശുവികസന (എ) വകുപ്പ്
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 10-03-2026 15:41:58